"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - പി.എം.ജി.എസ്.വൈ. പദ്ധതികളിൽ Performance Review Committe (PRC) ചൂണ്ടിക്കാണിച്ച ഗുണ നിലവാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ഒരു സ്വതന്ത്ര ടെക്നിക്കൽ കമ്മിറ്റി രൂപികരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി ഡി ) വകുപ്പ്**

**സ.ഉ.(സാധാ) നം.2357/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/12/2020

---

പരാമർശം:- 1. 08.09.2020 ന് ത.സ്വ.ഭ.വ. പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിട്സ്

2. ഗ്രാമ വികസന കമ്മീഷണറുടെ 22/10/2020 തീയതിയിലെ 4369/ഡി.ബി 2/ 2020/കെ.എസ്.ആർ .ആർ.ഡി.എ നമ്പർ കത്ത്

<u>ഉത്തരവ്</u>

കേന്ദ്ര ഗ്രാമവികസന മന്ത്രാലയം രൂപീകരിച്ച Performance Review Committe (PRC), സംസ്ഥാന സർക്കാർ കെ.എസ്.ആർ.ആർ.ഡി.എ. മുഖേന നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ജി.എസ്.വൈ.യിലെ ചില ഗുണനിലവാര പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. ആയത് പരിഹരിക്കുന്നതിനും എസ്.ക്യൂ.എം.ന്റെയും എൻ.ക്യൂ.എം.ന്റെയും Unsatisfactory grading ഏതെല്ലാം കമ്പോണന്റുകളിലാണ് ഉണ്ടായിട്ടുള്ളതെന്ന് ലിസ്റ്റ് ചെയ്ത് ആയത് പരിഹരിക്കുന്നതിനും ഉള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള പ്രോപ്പോസൽ സമർപ്പിക്കാൻ പരാമർശം (1) ലെ തീരുമാനപ്രകാരം ഗ്രാമ വികസന കമ്മിഷണറോട് ആവശ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ ചുവടെ സൂചിപ്പിച്ചിട്ടുള്ളവരെ ഉൾപ്പെടുത്തി ഒരു സ്വതന്ത്ര ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള പ്രോപ്പോസൽ പരാമർശം (2) പ്രകാരം ഗ്രാമ വികസന കമ്മിഷണർ സമർപ്പിച്ചിട്ടുണ്ട്.

1. ചീഫ് എഞ്ചിനീയർ- തദ്ദേശ സ്വയംഭരണ വകുപ്പ്
2. സൂപ്രണ്ടിംഗ് എഞ്ചിനീയർ - തദ്ദേശ സ്വയംഭരണ വകുപ്പ് (സൗത്ത് സർക്കിൾ)
3. ശ്രീ.എസ്.അൻവർ ഹുസൈൻ- ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ടയേർഡ്) തദ്ദേശ സ്വയംഭരണ വകുപ്പ്
4. ശ്രീമതി.ശ്രീല.എസ്. സൂപ്രണ്ടിംഗ് എഞ്ചിനീയർ, (റിട്ടയേർഡ്), കെ.എസ്.ആർ.ആർ.ഡി.എ.
5. ശ്രീ.ഷിജു ചന്ദ്രൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ആർ.കെ.ഐ), തിരുവനന്തപുരം

2) മേൽ സാഹചര്യത്തിൽ, PRC ചൂണ്ടിക്കാണിച്ച പി.എം.ജി.എസ്.വൈ.യിലെ ഗുണ നിലവാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും എസ്.ക്യൂ.എം.ന്റെയും എൻ.ക്യൂ.എം.ന്റെയും Unsatisfactory grading ഏതെല്ലാം കമ്പോണന്റുകളിലാണ് ഉണ്ടായിട്ടുള്ളതെന്ന് ലിസ്റ്റ് ചെയ്ത് ആയത് പരിഹരിക്കുന്നതിനും ഉള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു കൊണ്ട് സർക്കാരിന് അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി, ഗ്രാമ വികസന കമ്മിഷണർ നിർദേശിച്ച മേൽ 5 അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സ്വതന്ത്ര ടെക്നിക്കൽ കമ്മിറ്റി രൂപികരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജുക്കുട്ടൻ എം എസ്**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ് :ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം

കമ്മിറ്റി അംഗങ്ങൾ (CRD മുഖേന)
ചീഫ് എഞ്ചിനീയർ, കെ.എസ്.ആർ.ആർ.ഡി.എ., തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ ), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ ( ഐ&പി.ആർ.ഡി )
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.12.22 10:46:07 IST
Reason: Approved

സെക്ഷൻ ഓഫീസർ